DESPATCHED
25/05/2020
25.2.20.

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.1799(6)/2015/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.11795/SIC-Gen5/2015**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീമതി ലേഖ എ.,
മയൂഖം, ചക്കാലയ്ക്കൽ ഹൗസ്,
കൃഷ്ണപുരി, എം.ജി കാവ്,
തൃശ്ശൂർ – 680 581.
} അപ്പീൽ ഹർജിക്കാരി

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അസിസ്റ്റന്റ് രജിസ്ട്രാർ,
കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല,
ചെറുതുരുത്തി, തൃശ്ശൂർ – 679 531.

2. അപ്പീൽ അധികാരി & രജിസ്ട്രാർ,
കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല,
ചെറുതുരുത്തി, തൃശ്ശൂർ – 679 531.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 20/04/2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 19/05/2015 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 05/06/2015 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 17/06/2015 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 08/07/2015 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 13/07/2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 24/07/2015 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 07/08/2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 25/02/2020 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, തൃശ്ശൂർ. |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരി<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരിയായ ശ്രീമതി ലേഖ എ., കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾക്കായി ഫീസ് ഒടുക്കിയ ശേഷം ടിയാളെ അറിയിച്ചത് ചില കത്തിടപാടുകൾ മിസ്പ്ലേസ്ഡ് ആണെന്നും ആയത് തെരഞ്ഞെടുത്ത് സൗജന്യമായി അയച്ചു നൽകുന്നതാണെന്നുമായിരുന്നു എന്നും യു.ജി.സി.യിൽ നിന്ന് വന്ന ചില

കത്തുകൾ മിസ്പ്ലേസ്ഡ് ആണെന്ന് മറുപടി നൽകിയിരിക്കുന്നത് ടിയാൾക്ക് കൃത്യമായ വിവരങ്ങൾ ലഭ്യമാക്കാതിരിക്കുന്നതിന് വേണ്ടിയാണെന്നും യു.ജി.സി. കലാമണ്ഡലത്തിലേക്ക് അയച്ച ചില കത്തുകൾ നേരത്തെ വച്ച സ്ഥലത്ത് കാണുന്നില്ല എന്ന മറുപടി അംഗീകരിക്കത്തക്കതല്ല എന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. 1.6.2012 മുതൽ കലാമണ്ഡലം കല്പിത സർവ്വകലാശാലയിൽ നിന്ന് യു.ജി.സി.യിലേക്ക് എത്ര കത്തിടപാടുകൾ നടത്തിയിട്ടുണ്ട് എന്നും അങ്ങനെ നടത്തിയിട്ടുളള കത്തിടപാടിന്റെ പകർപ്പ് നൽകണമെന്നും

ii. 1.6.2012 മുതൽ യു.ജി.സി.യിൽ നിന്ന് കലാമണ്ഡലം കല്പിത സർവ്വകലാശാലയിലേക്ക് എത്ര കത്തിടപാടുകളും ഉത്തരവുകളും വന്നിട്ടുണ്ട് എന്നും അങ്ങനെ നടത്തിയിട്ടുളള കത്തിടപാടിന്റെയും ഉത്തരവുകളുടെയും ശരിപ്പകർപ്പുകൾ നൽകണമെന്നുമാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരിയുടെ അപേക്ഷയിലെ 1-ാം ഇനം സംബന്ധിച്ച് 5 കത്തിടപാടുകൾ ഉണ്ടെന്നും ആയത് ലഭിക്കുന്നതിന് 16/- രൂപ ഫീസ് ഒടുക്കണമെന്നും 2-ാം ഇനത്തിൽ 25 കത്തിടപാടുകളുണ്ടെന്നും ആയതിന്റെ പകർപ്പ് ലഭിക്കുന്നതിന് 50/- രൂപ ഫീസ് ഒടുക്കേണ്ടതാണെന്നുമാണ്. ഹർജിക്കാരി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ഒന്നാം എതിർകക്ഷി നിർദ്ദേശിച്ച പ്രകാരം 70/- രൂപ ഫീസ് ഒടുക്കി എന്നും എന്നാൽ 27.5.2015 തീയതി ടിയാൾക്ക് നൽകിയ കത്തിൽ പ്രസ്താവിച്ചത്, യു.ജി.സി.യിൽ നിന്ന് വന്നിട്ടുളള കത്തുകൾ മിസ്പ്ലേയ്ഡ് ആയിട്ടുണ്ടെന്നും അപ്രകാരം കത്തുകൾ മിസ്പ്ലേയ്ഡ് ആയിരുന്നുവെങ്കിൽ ഏതു സാഹചര്യത്തിലാണ് ടിയാളോട് ഫീസ് ഒടുക്കുവാൻ നിർദ്ദേശിച്ചിരുന്നത് എന്നും ആയതിനാൽ ടിയാൾ ആവശ്യപ്പെട്ട പൂർണ്ണ വിവരങ്ങൾ ലഭ്യമാക്കുന്നതിനുളള നടപടി സ്വീകരിക്കണമെന്നുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, യു.ജി.സി. കലാമണ്ഡലത്തിലേക്ക് അയച്ച ചില കത്തുകൾ നേരത്തെ വച്ച സ്ഥാനത്ത് കാണാത്തതിനാൽ അവ ലഭ്യമാകുന്ന മുറയ്ക്ക് ഹർജിക്കാരിയെ അറിയിക്കുന്നതാണെന്നും തുക ഒടുക്കുന്നപക്ഷം ആയത് നൽകുന്നതിന് ഒന്നാം എതിർക്ഷിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നുമാണ്.

3. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരി നാളിതുവരെ സെപ്റ്റംബർ 2014 മുതൽ 18 ഓളം വിവരാവകാശ അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ടെന്നും ഒരേ തീയതിയിൽ തന്നെ ഒന്നിലധികം അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ഹർജിക്കാരി ആവശ്യപ്പെട്ട വിവരങ്ങൾക്കായി 66/- രൂപ ഫീസ് ഒടുക്കുവാൻ ആവശ്യപ്പെട്ടിരുന്നു എന്നും ലഭ്യമായ എല്ലാ കത്തുകളുടെയും പകർപ്പുകൾ നൽകുന്നതിലേയ്ക്കായി 70/- രൂപ കൂടി അടയ്ക്കാൻ ആവശ്യപ്പെട്ടിരുന്നു എന്നും മേൽപ്പടി തുക അടവാക്കാൻ ആവശ്യപ്പെട്ടപ്പോൾ തന്നെ ആയതിന്റെ പകർപ്പുകൾ ഹർജിക്കാരിക്ക് അയച്ചു കൊടുത്തിരുന്നു എന്നും യു.ജി.സി.യുമായുള്ള കത്തിടപാടുകൾ എല്ലാ സെക്ഷനിൽ നിന്നും ലഭ്യമാക്കണമെന്ന് കാണിച്ച് വിവിധ സെക്ഷനുകളിലേക്ക് ആദ്യം തന്നെ അറിയിപ്പ് നൽകിയിരുന്നു എന്നും അതനുസരിച്ചാണ് ഹർജിക്കാരിയോട് 66/- രൂപ

അടവാക്കാൻ ആവശ്യപ്പെട്ടിരുന്നത് എന്നും അതിനുശേഷം ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ വിശദമായി പരിശോധിച്ചതിൽ ചില കത്തുകൾ കൂടി ഉണ്ടെന്ന് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ കണ്ടെത്തി എന്നും ആയതിന്റെ പകർപ്പ് കൂടി നൽകാൻ നടപടി സ്വീകരിച്ചു എന്നും അതേ സമയം ചില യു.ജി.സി. കത്തുകൾ മിസ്പ്ലേസ്ഡ് ആയിട്ടുണ്ടെന്ന് മനസ്സിലായി എന്നും അക്കാര്യം ഹർജിക്കാരിയെ അറിയിച്ചിരുന്നു എന്നും മിസ്പ്ലേസ്ഡ് ആയ കത്തുകൾ 30 ദിവസങ്ങൾക്കകം കണ്ടെത്തി ഹർജിക്കാരിക്ക് നൽകാൻ സാധിക്കാതെ വന്ന സാഹചര്യത്തിലാണ് അവ കണ്ടെത്തി സൗജന്യമായി ലഭ്യമാക്കുമെന്ന് ഹർജിക്കാരിയെ അറിയിച്ചത് എന്നും തുടർന്ന് ഹർജിക്കാരി അപ്പീൽ സമർപ്പിച്ചു എന്നും ഹർജിക്കാരിക്ക് കത്തുകളുടെ പകർപ്പുകൾ സൗജന്യമായി നൽകേണ്ടതില്ല എന്നും ആവശ്യമായ തുക ഒടുക്കാൻ ടിയാൾ തയ്യാറാണെന്നും അറിയിച്ചിരുന്നു എന്നും കേരള കലാമണ്ഡലം കല്പിത സർവ്വകലാശാലയുടെ ഭരണവിഭാഗം കെട്ടിടത്തിൽ 2013-ലും 2014-ലുമായി നവീകരണ പ്രവർത്തനങ്ങൾ നടത്തിയിരുന്നു എന്നും അതിന്റെ ഭാഗമായി മുൻപ് ഓഫീസ് പ്രവർത്തിച്ചിരുന്ന ഭാഗത്ത് നിന്ന് മറ്റൊരു ഭാഗത്തേക്ക് ഓഫീസിന്റെ പ്രവർത്തനം പൂർണ്ണമായും മാറ്റേണ്ടി വന്നിരുന്നു എന്നും ഓഫീസ് നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി അലമാര, റാക്കുകൾ എന്നിവ മാറ്റി വയ്ക്കേണ്ടി വന്നിരുന്നു എന്നും അതിനിടയിലാകാം യു.ജി.സി.യുടെ ചില കത്തുകൾ മിസ്പ്ലേസ്ഡ് ആയത് എന്നും ടിയാൾക്ക് സൗജന്യമായി പകർപ്പ് ആവശ്യമില്ലെന്നും തുക അടയ്ക്കാൻ തയ്യാറാണെന്നും ഹർജിക്കാരി അറിയിച്ചതിനെ തുടർന്നാണ് മിസ്പ്ലേസ്ഡ് ആയിട്ടുള്ള രേഖകൾ കണ്ടെത്തുമ്പോൾ പകർപ്പിന് ആവശ്യമായ തുക എത്രയെന്ന് ഹർജിക്കാരിയെ അറിയിക്കണമെന്ന് ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകിയത് എന്നും തുടർന്ന് യു.ജി.സി.യിൽ നിന്നു കലാമണ്ഡലത്തിലേക്ക് അയച്ച മിസ്പ്ലേസ്ഡ് ആയിരുന്ന 5 കത്തുകൾ കണ്ടെത്തി എന്നും അവ ലഭ്യമാക്കാൻ 10/- രൂപ അയച്ചു നൽകണമെന്ന് ഹർജിക്കാരിയോട് ആവശ്യപ്പെട്ടതിനെ തുടർന്ന് ടിയാൾ തുക ഒടുക്കി എന്നും തുടർന്ന് ഹർജിക്കാരിക്ക് മേൽപ്പടി രേഖകൾ അയച്ചു നൽകി എന്നും മറ്റുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരി ആവശ്യപ്പെട്ട ചില രേഖകൾ ഓഫീസ് നവീകരണത്തിന്റെ ഭാഗമായി മിസ്പ്ലേസ്ഡ് ആയിരുന്നു എന്നും തുടർന്ന് നടന്ന തെരച്ചിലിൽ അവ കണ്ടെത്തി എന്നും ആയത് ഹർജിക്കാരിക്ക് പിന്നീട് അയച്ചു കൊടുത്തിരുന്നു എന്നും കാണുന്നു. മേൽപ്പടി രേഖകൾ ആദ്യം നൽകാൻ സാധിക്കാത്തത് ബോധപൂർവ്വമായ ഏതെങ്കിലും നടപടിയുടെ ഭാഗമായിരുന്നു എന്നു കരുതാൻ നിർവ്വാഹമില്ല. ഹർജിക്കാരി ആവശ്യപ്പെട്ട വിവരങ്ങൾ പൂർണ്ണമായി ഈയവസരത്തിൽ നൽകിയിട്ടുള്ളതായി കാണുന്നതിനാൽ, ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 25-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൺ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)